LIBRARY ARCHIVES Kerala Legislative Assembly

ആചാരസ്ഥാനികരുടെ വിവിധ പ്രശ്നങ്ങൾ

257 (2015) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാറിലെ ക്ഷേത്രങ്ങളിലെ ആചാരസ്ഥാനികരുടെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് പരിഹാരത്തിനായി നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇക്കാര്യങ്ങളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലബാറിലെ ക്ഷേത്രങ്ങളിലെ ആചാരസ്ഥാനികർക്കും കോലധാരികൾക്കും പ്രതിമാസം യഥാക്രമം 800 രൂപയും 700 രൂപയും ധനസഹായം നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. അർഹരായവർക്ക് ഈ തുക 2011 ജനുവരി മാസത്തിൽ തന്നെ നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

സ്റ്റേഷനറി വകുപ്പിന്റെ പ്രവർത്തനം

258 (2016) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേഷനറി വകുപ്പിന്റെ പ്രധാന ജോലികൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിട്ടുണ്ടോ ;

(സി) എത്ര സ്റ്റേഷനറി ജില്ലാ ഓഫീസുകൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു ; ഇവയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; സ്റ്റേഷനറി സാധനങ്ങൾ എല്ലാ വകുപ്പുകൾക്കും ആവശ്യാനുസരണം വിതരണം ചെയ്യാൻ കഴിയുന്നുണ്ടോ ;

(ഡി) സ്റ്റേഷനറി സാധനങ്ങളുടെ ദുരുപയോഗം തടയുന്നതിനായി സ്റ്റേഷനറി വകുപ്പിൽ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ഇ) സ്റ്റേഷനറി സാധനങ്ങൾ ലോക്കൽ പർച്ചേസിലൂടെ വാങ്ങി വിതരണം ചെയ്യേണ്ട സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഗവൺമെന്റ് പ്രസ്സുകൾ ഉൾപ്പെടെ സംസ്ഥാനത്തുള്ള എല്ലാ വകുപ്പുകൾക്കും ആവശ്യമായ കടലാസ്, സ്റ്റേഷനറി സാധനങ്ങൾ, കമ്പ്യൂട്ടർ കടലാസ്, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങി സംഭരിച്ച് വിതരണം നടത്തുക, ടൈപ്പ്റൈറ്ററുകൾ ഡ്യൂപ്ലിക്കേറ്ററുകൾ തുടങ്ങിയ ഓഫീസ് മെഷീനുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുക, കേരളത്തിലെ മുഴുവൻ സർക്കാർ ഓഫീസുകളുടേയും ഓഫിസർമാരുടേയും ഉപയോഗത്തിനുള്ള സീലുകളും സ്റ്റാമ്പുകളും നിർമ്മിച്ച് വിതരണം നടത്തുക, സർക്കാർ ഓഫിസുകളിൽ ഉണ്ടാകുന്ന പാഴ്ക്കടലാസ് നീക്കം ചെയ്യുന്നതിന് ജില്ലാ/മേഖലാ അടിസ്ഥാനത്തിൽ വാർഷിക കരാറുകൾ ഉറപ്പിക്കുക പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനാവശ്യമായ കടലാസ്, പൾപ്പ് ബോർഡ് എന്നിവ വിദ്യാഭ്യാസ വകുപ്പിന് വാങ്ങി നൽകുക, ലോക്സഭ, നിയമസഭ, ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പുകൾക്കാവശ്യമായ എല്ലാ സ്റ്റേഷനറി സാധനങ്ങളും വാങ്ങി നൽകുക, നിയമസഭാ സമ്മേളനം നടക്കുന്ന വേളയിൽ ജനപ്രതിനിധികൾക്കാവശ്യമായ സ്റ്റേഷനറി വിതരണം ചെയ്യുക, ഗവർണർ, മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ എന്നിവർക്ക് ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ ആവശ്യാനുസരണം വാങ്ങി വിതരണം ചെയ്യുക തുടങ്ങിയവയാണ് സ്റ്റേഷനറി വകുപ്പിന്റെ പ്രധാന ജോലികൾ

(ബി) ഇല്ല.

(സി) രണ്ട് നടപടി സ്വീകരിച്ചു വരുന്നു. സ്റ്റേഷനറി സാധനങ്ങൾ എല്ലാ വകുപ്പുകൾക്കും ആവശ്യാനുസരണം വിതരണം നടത്താൻ സാധിക്കുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) അടിയന്തരമായും സമയബന്ധിതമായും സാധനങ്ങൾ വാങ്ങേണ്ടി വരുന്നതുകാരണമാണ് ലോക്കൽ പർച്ചേസ് ചെയ്യാൻ നിർബന്ധിതമാകുന്നത്.

സർക്കാർ പ്രസ്സുകളുടെ നവീകരണത്തിനായുള്ള നടപടികൾ

259 (2017) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എം. എം. മോനായി :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അടച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പ്രസ്സുകളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; ഗവൺമെന്റ് സെൻട്രൽ പ്രസ്സിലും മണ്ണന്തല ഗവൺമെന്റ് പ്രസ്സിലും നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ :

(ബി) സർക്കാർ പ്രസ്സുകളിൽ നടത്തുന്ന പ്രധാന അച്ചടി ജോലികൾ എന്തെല്ലാമാണ് :

LIBRARY ARCHIVES Kerala Legislative Assembly